"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - 2022 സീസണിലെ കശുവണ്ടി സംഭരണം - നാടൻ തോട്ടണ്ടിയുടെ ഉയർന്ന വില കിലോഗ്രാമിന് 80/- രൂപയായി പുനർനിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.532/2022/ID തീയതി,തിരുവനന്തപുരം, 06-06-2022

പരാമർശം:-

1. സ. ഉ. (കൈ) നം. 7/2017/വ്യവ. തീയതി 30/01/2017.
2. സ. ഉ. (സാധാ.) നം. 1062/2020/വ്യവ. തീയതി 11/12/2020.
3. സ. ഉ. (സാധാ.) നം. 238/2022/വ്യവ. തീയതി 16/03/2022.
4. തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ 16/05/2022 തീയതിയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്ലാന്റേഷനുകൾ/ഫാമുകൾ, കൂടാതെ കർഷകർ, സഹകരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും സംഭരിക്കുന്ന തോട്ടണ്ടിയ്ക്ക് നൽകേണ്ട വില നിർണ്ണയിക്കുന്നതിന് പരാമർശം (1) പ്രകാരം രൂപീകരിച്ച വില നിർണ്ണയ സമിതി പരാമർശം (2) പ്രകാരം പുനഃസംഘടിപ്പിച്ചിരുന്നു. തുടർന്ന്, 2022 സീസണിൽ സംഭരിക്കുന്ന നാടൻ തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിന് 22/02/2022 -ന് ചേർന്ന തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ ആദ്യ യോഗം നാടൻ തോട്ടണ്ടിയുടെ ഉയർന്ന വില കിലോഗ്രാമിന് 105/- രൂപയായി നിശ്ചയിച്ച് പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം കൃഷി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16/05/2022 —ന് ചേർന്ന തോട്ടണ്ടി വിലനിർണ്ണയ സമിതിയുടെ രണ്ടാമത് യോഗം ഏപ്രിൽ, മെയ് മാസങ്ങളിലെ മഴയ്ക്ക് ശേഷമുള്ള നിലവിലെ നാടൻ തോട്ടണ്ടിയുടെ കമ്പോള വിലനിലവാരവും തോട്ടണ്ടി ലഭ്യതയും കർഷകരുടെ അവസ്ഥയും വിലയിരുത്തുകയും ആയത് പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ, കൃഷി, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം, ജയിൽ എന്നീ വകുപ്പുകളുടെ കീഴിലുള്ള പ്ലാന്റേഷനുകളിൽ നിന്നും ഫാമുകളിൽ നിന്നും മറ്റ് ഇതര വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും, കൂടാതെ സഹകരണ സംഘങ്ങൾ, കർഷകർ എന്നിവരിൽ നിന്നും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (KSCDC) കാപ്പക്സും സംഭരിക്കുന്ന നാടൻ തോട്ടണ്ടിയുടെ ഉയർന്ന വില യോഗ തീയതി (16/05/2022) മുതൽ കിലോഗ്രാമിന് 80/- രൂപയായി പുനർനിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കൊല്ലം.
മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്, കൊല്ലം.
സ്പെഷ്യൽ ഓഫീസർ & ചെയർമാൻ, കശുമാവ് കൃഷി വികസന ഏജൻസി, കൊല്ലം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യു ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം.
ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ.
ഡയറക്ടർ, ജയിൽ വകുപ്പ്, തിരുവനന്തപുരം.
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വഴുതക്കാട്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
കൃഷി/ആഭ്യന്തര/പട്ടികജാതി-പട്ടികവർഗ്ഗവികസന/ആസൂത്രണ സാമ്പത്തിക കാര്യ/ധന വകുപ്പുകൾ.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്
ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by S Padmaja
Date: 06-06-2022 15:46:19

സെക്ഷൻ ഓഫീസർ

പകർപ്പ്:- വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കാഷ്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ -യ്ക്ക്